(ഇ) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തികസഹായം അനുവദിക്കുകയുണ്ടായോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ആവശ്യമാണെന്നു കണ്ടിട്ടുണ്ട്. പ്രത്യേകം പഠനം നടത്തേണ്ട ആവശ്യമുണ്ടായിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(ഡി) പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്ക്കോളർഷിപ്പ്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്, മോഡൽ റസിഡൻഷ്യൽ സ്ക്കൂൾ, ഹോസ്റ്റൽ തുടങ്ങിയ പദ്ധതികൾക്കുള്ള നിർദ്ദേശങ്ങൾ സംസ്ഥാന ഗവൺമെന്റിന്റെ പരിഗണനയ്ക്കയച്ചുതന്നിട്ടുണ്ട്.

(ഇ) സംസ്ഥാന ഗവൺമെന്റ് ഈ വർഷത്തെ പദ്ധതിയിൽ 20 കോടി രൂപ വകയിരുത്തിയെങ്കിലും, കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരമോ സാമ്പത്തിക സഹായമോ ലഭിക്കാത്തതിനാൽ പദ്ധതികളൊന്നും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

7 (*183) തീരപ്രദേശങ്ങളെ കടലാക്രമണത്തിൽ നിന്നു സംരക്ഷിക്കുന്നതിന് നടപടി

ശ്രീ. ജി. സുധാകരൻ :

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ തീരപ്രദേശങ്ങളെ കടലാക്രമണത്തിൽനിന്നും സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിനായി സംസ്ഥാന സർക്കാർ എന്തെങ്കിലും പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ അഭിപ്രായമെന്തെന്ന് അറിയിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ കടൽഭിത്തി നിർമ്മാണത്തിനും അവയുടെ അറ്റുകുറ്റപ്പണിക്കുമായി കേന്ദ്രഗവൺമെന്റിന്റെ സഹായം ലഭിക്കാറുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് ഇപ്പോൾ കടൽഭിത്തി നിർമ്മാണം നടന്നുവരുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെ; വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) കടൽഭിത്തി നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്തുവാൻ ഇന്നുള്ള സംവിധാനം എന്തെന്ന് വ്യക്തമാക്കുമോ;

(ജി) കടലാക്രമണമുള്ള പ്രദേശങ്ങളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും അടിയന്തിര സംരക്ഷണത്തിനായി നടപടി സ്വീകരിക്കാറുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ.വി.പി. രാമകൃഷ്ണൻ):

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം സംസ്ഥാനത്തെ തീരപ്രദേശങ്ങളെ കടലാക്രമണത്തിൽനിന്നും സംരക്ഷിക്കുന്നതിന് കടൽഭിത്തി ഇല്ലാത്ത സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പുതിയ കടൽഭിത്തിക്കും, നിലവിലുള്ള കടൽഭിത്തിയുടെ അറ്റകുറ്റപ്പണികളും നടത്തിവരുന്നു. കാലവർഷത്തോടനുബന്ധിച്ചുള്ള കടലാക്രമണം ചെറുക്കുന്നതിന് അടിയന്തിര സംരക്ഷണത്തിലേയ്ക്കായി മണിച്ചാക്ക് അടുക്കുകയും അവശ്യം വേണ്ടിടത്ത് കരിങ്കൽഭിത്തി നിർമ്മിക്കുകയും ചെയ്തുവരുന്നു.

(ബി)&(സി)ഇതിനായി 1996 ജനുവരി മാസത്തിൽ 126.288 കി.മീ.നീളത്തിൽ പുതിയ കടൽഭിത്തിയുടെ നിർമ്മാണത്തിനും 99.958 കി.മീ. നീളത്തിൽ പഴയ കടൽഭിത്തിയുടെ പുനർനിർമ്മാണത്തിനുമായി 346.50 കോടി രൂപ മതിപ്പുചെലവ് വരുന്ന ഒരു പദ്ധതി റിപ്പോർട്ട് കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് സെൻട്രൽ വാട്ടർ കമ്മീഷൻ, അവരുടെ നിർദ്ദേശങ്ങൾക്കനുസൃതമായി പുതുക്കി സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും അതിൻപ്രകാരം 1999 വരെ നിർമ്മിച്ച കടൽഭിത്തിയുടെ നീളം കഴിച്ച് ഇനി നിർമ്മിക്കാനുള്ള 86 കി.മീ. പുതിയ കടൽഭിത്തിയുടെ നിർമ്മാണത്തിനും 37 കി.മീ. പഴയ കടൽഭിത്തിയുടെ പുനർനിർമ്മാണത്തിനുമായി 304 കോടി രൂപ മതിപ്പുചെലവ് വരുന്ന ഒരു പദ്ധതി റിപ്പോർട്ട് കേന്ദ്രസഹായം ലഭിക്കുവാനായി ഈ വർഷം സെൻട്രൽ വാട്ടർ കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്.

(ഡി) കടൽഭിത്തി നിർമ്മാണത്തിന് 1991-92 സാമ്പത്തിക വർഷം വരെ കേന്ദ്രസഹായം ലഭിച്ചിരുന്നു. 1991-92 നുശേഷം 1995-96 സാമ്പത്തിക വർഷം ഒഴികെ കേന്ദ്രസർക്കാരിൽനിന്നും സാമ്പത്തിക സഹായം ലഭിച്ചിട്ടില്ല. 1995-96 സാമ്പത്തിക വർഷത്തിൽ 598 ലക്ഷം രൂപ ലഭിച്ചിരുന്നു.

(ഇ) കൊല്ലം ജില്ലയിലെ ചവറയിൽ 1.045 കി.മീ.നീളത്തിലും, വെള്ളാനത്തുരുത്തിൽ 660 മീറ്റർ നീളത്തിലും ആറാട്ടുപുഴയിൽ 1.5 കി.മീ. നീളത്തിലും കടൽഭിത്തി നിർമ്മാണം നടന്നുവരുന്നു. ആലപ്പുഴ ജില്ലയിൽ വണ്ടാനത്ത് ബി.എൽ.എസ് 47-51-നും ഇടയിൽ 1.കി.മീ. നീളത്തിൽ കടൽഭിത്തിയുടെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ചേർത്തല ആയിരംതെയിൽ 1.കി.മീ. നീളത്തിൽ നടത്തേണ്ട പണികൾക്ക് ടെൻഡർ ക്ഷണിച്ചു കഴിഞ്ഞു. ആലപ്പുഴ ഇ.എസ്.ഐ. ആശുപത്രിക്ക് സമീപം 100 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മാണകരാർ ഒപ്പുവച്ചു, പണി ഉടനെ തുടങ്ങുന്നതാണ്. തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിൽ കടപ്പുറം പഞ്ചായത്തിൽ 40 മീറ്ററും കൊടുങ്ങല്ലൂരിൽ പെരിങ്ങാനത്ത് 220 മീറ്റർ നീളത്തിലും കടൽഭിത്തിയുടെ പണി നടന്നുകൊണ്ടിരിക്കുന്നു. കോഴിക്കോട് ജില്ലയിൽ ഏലത്തൂരിൽ 200 മീറ്റർ നീളത്തിലും, ബംഗ്ലാദേശ് കോളനിയിൽ 500 മീറ്റർ നീളത്തിലും കടൽഭിത്തി നിർമ്മാണം നടന്നുവരുന്നു. മലപ്പുറം ജില്ലയിൽ വെളിയംകോട് ബീച്ചിൽ 190 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ പണി നടന്നുകൊണ്ടിരിക്കുന്നു. കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരത്ത് 1.കി.മീ. നീളത്തിൽ കടൽഭിത്തിയുടെ നിർമ്മാണം നടന്നുവരുന്നു.

(എഫ്)കടൽഭിത്തി നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്താൻ ജലസേചനവകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് നിർദ്ദേശങ്ങൾ നൽകുകയും പ്രവർത്തനപുരോഗതി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തുവരുന്നു.

(ജി) ഉണ്ട്. കടലാക്രമണമുള്ള പ്രദേശങ്ങളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും അടിയന്തിര സംരക്ഷണത്തിനായി ജലസേചനവകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

മണൽചാക്ക് അടുക്കുകയും അവശ്യം വേണ്ടിടത്ത് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കരിങ്കൽഭിത്തി നിർമ്മിക്കുകയും ചെയ്തുവരുന്നു.

8 (*184) പാരമ്പര്യേതര വൈദ്യുതി ഉല്പാദനം

ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെ നിന്നെല്ലാം പാരമ്പര്യേതര രീതിയിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്;

(ബി) ഈ സ്ഥലങ്ങളിൽ ഏതെല്ലാം രീതിയിലാണ് വൈദ്യുതി ഉല്പാദിപ്പിക്കുന്നത്;

(സി) എത്ര മെഗാവാട്ട് വൈദ്യുതി ഇപ്രകാരം ഉല്പാദിപ്പിക്കുന്നുണ്ട്;

(ഡി) ഇപ്രകാരം ഉല്പാദിപ്പിക്കുന്ന വൈദ്യുതിയ്ക്ക് യൂണിറ്റിന് എന്തു ചെലവു വരും;

(ഇ) കാറ്റിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ അനുയോജ്യമായ സ്ഥലങ്ങൾ സംസ്ഥാനത്ത് എവിടെയെല്ലാമുണ്ട്;

(എഫ്) ഇപ്രകാരം വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് ഇന്ധന ചെലവുണ്ടോ എന്നറിയിക്കുമോ; ഇല്ലെങ്കിൽ താപവൈദ്യുതി നിലയങ്ങൾ ഉല്പാദിപ്പിക്കുന്ന വൈദ്യുതിയേക്കാൾ കുറഞ്ഞ ചെലവിൽ കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയുമോ;

(ജി) എങ്കിൽ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിന്നെല്ലാം കാറ്റിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്, കോടമല എന്നിവിടങ്ങളിൽ നിന്നും.

(ബി) കാറ്റിൽ നിന്ന്. കൂടാതെ വിവിധ സ്ഥലങ്ങളിൽ സോളാർ എനർജി ഉപയോഗിച്ചും വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്.

(സി) കാറ്റിൽ നിന്ന് 2.25 മെഗാവാട്ടും, സോളാർ എനർജിയിൽ നിന്ന് 4.72 കിലോവാട്ടും.

(ഡി) കഞ്ചിക്കോടിന്റെ പ്രോജക്ട് റിപ്പോർട്ട് പ്രകാരം ഒരു രൂപ തൊണ്ണൂറ്റി എട്ട് പൈസ.

(ഇ) പാലക്കാട്, ഇടുക്കി, കോട്ടയം, തിരുവനന്തപുരം എന്നീ ജില്ലകളിൽ.

(എഫ്) ഇല്ല. താപവൈദ്യുത നിലയത്തേക്കാൾ കാറ്റിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വില കുറവാണോ എന്നത് ഓരോ സ്ഥലത്തും ആവശ്യമായി വരുന്ന മുതൽമുടക്കിനെ ആശ്രയിച്ചിരിക്കും. ആയതുകൊണ്ട് താപ വൈദ്യുത നിലയത്തിനേക്കാൾ ഉല്പാദന ചെലവ് കുറവോ കൂടുതലോ എന്നു നിർണ്ണയിക്കാൻ ഇപ്പോൾ സാധിക്കില്ല.

LIBRARY ARCHIVES Kerala Legislative Assembly